>> കവർസ്റ്റോറി



# ആത്മാർഥതയുണ്ടെങ്കിൽ ഐക്യത്തിന് തടസ്സമില്ല

● ചെറിയമുണ്ടം അബ്ദുൽഹമീദ് മദനി/സ്വദ്റുദ്ദീൻ വാഴക്കാട്

**സലഫി സംഘടനകൾക്കു മാത്രമല്ല എല്ലാ മുസ്‌ലിം സംഘടനകൾക്കും ആശയപരമായി വിയോജിപ്പുണ്ടെങ്കിൽ പോലും സമാധാനപരമായി സഹവർത്തിക്കാൻ സാധിക്കേണ്ടതുണ്ട്. തങ്ങൾ മസ്ജിദുൽ ഹറാമിലും മസ്ജിദുന്നബവിയിലും തോളോടുതോൾ ചേർന്നു നമസ്കരിക്കാറുള്ള വരാണെന്ന വസ്തുതയെങ്കിലും വഴക്കടിക്കുന്ന മുസ്‌ലിം ഗ്രൂപ്പുകൾ ഓർക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഇസ്‌ലാമിന്റെ പ്രതിഛായ മോശമാക്കുന്നതിന് അവരെല്ലാം ഉത്തരവാദികളായിരിക്കും. മുസ്‌ലിം സംഘടനകളുടെ മൊത്തം വിശ്വാസ്യതയെ അത് ബാധിക്കുകയും ചെയ്യും**

>> **മുസ്‌ലിം സംഘടനകൾക്കിടയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ കക്ഷിവഴക്കുകളെയും ഗ്രൂപ്പ് മാത്സര്യങ്ങളെയും എങ്ങനെ വിലയിരുത്തുന്നു?**

മുഹമ്മദ് നബി(സ)യാണ് എല്ലാ മുസ്‌ലിംകളുടെയും മാതൃകാ പുരുഷൻ. അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ ശുഷ്കാന്തിയോടെ ജീവിതത്തിൽ പകർത്തിയ സ്വഹാബികളാണ് നമ്മെളെല്ലാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ആദരണീയരായ മുൻഗാമികൾ. അവർക്കിടയിൽ വ്യത്യസ്ത സംഘടനകളുണ്ടായിരുന്നില്ല. എങ്കിലും അല്ലാഹുവിനുവേണ്ടി പല ചുമതലകൾ നിർവഹിക്കാൻ അവർ ഒത്തു ചേർന്നിരുന്നു. ജുമുഅഃകളിൽ, പെരുന്നാൾ നമസ്കാരങ്ങളിൽ, ഹജ്ജിന്റെ കർമങ്ങളിൽ, ശത്രുക്കളെ ചെറുത്തുതോൽപിക്കാൻ വേണ്ടിയുള്ള പടയണികളിൽ. ഇതൊക്കെ സംഘടിതമായ ദൗത്യനിർവഹണങ്ങളായിരുന്നു. എന്നാൽ പല സംഘടനകളിലോ പല ഗ്രൂപ്പുകളിലോ ചേർന്നു കൊണ്ടല്ല അവർ അതൊക്കെ നിർവഹിച്ചത്. ആദ്യം നബി(സ)യുടെ നേതൃത്വത്തിലും പിന്നെ അദ്ദേഹത്തിന്റെ പിൻഗാമികളായ ഖലീഫമാരുടെ നേതൃത്വത്തിലുമാണ് അല്ലാഹുവിന്റെ മാർഗത്തിലുള്ള എല്ലാ സംഘടിത പ്രവർത്തനങ്ങളും നടത്തിയത്.

ഖിലാഫത്തിന്റെ അഭാവത്തിൽ ദീനീ സംരംഭങ്ങൾ വിജയിപ്പിക്കാൻ ബദൽ സംവിധാനങ്ങൾ അനിവാര്യമാവുക സ്വാഭാവികമാണ്. ഓരോ പ്രദേശത്തെയും മുസ്‌ലിംകൾ കൂടിയാലോചനകളിലൂടെ രൂപപ്പെടുത്തുന്ന ജമാഅത്തുകളോ മഹല്ലുകമ്മിറ്റികളോ ആണ് ഇതിന് ഏറ്റവും ഫലപ്രദമായ മാർഗം. ഒരു പ്രദേശത്തെ മുസ്‌ലിംകളെല്ലാം എല്ലാ വിഷയങ്ങളിലും ഏകാഭിപ്രായക്കാരായില്ലെന്ന് വരാം. എന്നാലും നേതൃസ്ഥാനത്തേക്ക് നിയോഗിക്കപ്പെടുന്നവർക്ക് ആത്മാർഥതയുണ്ടെങ്കിൽ സമവായത്തിനുള്ള സാധ്യതകൾ കണ്ടെത്താനാകും. എന്നാൽ വിവിധ മദ്ഹബുകളും ചിന്താഗതികളും മുസ്‌ലിംകളെ ഏറെ ഭിന്നിപ്പിച്ച സാഹചര്യങ്ങളിൽ സമവായത്തിനുള്ള ശ്രമങ്ങളും വിജയിക്കാത്ത അവസ്ഥ സംജാതമായി. അങ്ങനെയാണ് വിവിധ മദ്ഹബുകാർ വേറെ വേറെ പള്ളികൾ സ്ഥാപിക്കാനും ജുമുഅഃ ജമാഅതുകൾ വേറെയാക്കാനും ഇടയായയത്. മസ്ജിദുൽ ഹറാമിൽ പോലും നാലു മദ്ഹബുകാർ വെവ്വേറെ ജമാഅതുകൾ നടത്തുകയുണ്ടായി.

ഈ കക്ഷിത്വങ്ങളൊക്കെ അവസാനിപ്പിച്ച് സ്വഹാബികളുടെയും തൊട്ടടുത്ത തലമുറകളുടെയും കാലത്തെപോലെ മുസ്‌ലിം സമൂഹത്തെ ഖുർആനിന്റെയും നബിചര്യയുടെയും അടിസ്ഥാനത്തിൽ ഏകീകരിക്കാനാണ് സലഫീ ചിന്താഗതിക്കാരായ പണ്ഡിതന്മാർ ശ്രമിച്ചത്. അറബ് നാടുകളിൽ ഈ

ശ്രമം വലിയൊരളവോളം വിജയിച്ചിട്ടുണ്ട്. വീക്ഷണ വ്യത്യാസങ്ങളൊക്കെ വെട്ടിനിരത്തിക്കൊണ്ടല്ല, ഭിന്നതകൾ സമവായത്തിലൂടെ പരമാവധി ലഘൂകരിച്ചുകൊണ്ടാണ് പക്വമതികളായ പണ്ഡിതന്മാർ ഏകീകരണമോ പൊരുത്തപ്പെടുത്തലുകളോ നടത്തിയത്. കേരള മുസ്‌ലിം ഐക്യസംഘം രൂപീകരിക്കാൻ മുൻകൈയെടുത്തവരും ഈ മാതൃകയാണ് പിന്തുടർന്നത്. പക്ഷേ, നാലു മദ്ഹബുകളുടെ ഇമാമുകളും അവരുടെ ഉത്തമ ശിഷ്യന്മാരും ഉന്നയിക്കാത്ത വാദങ്ങളും തർക്കങ്ങളുമായി രംഗത്തുവന്ന യാഥാസ്ഥിതിക പണ്ഡിതന്മാർ ഖുർആന്റെയും നബിചര്യയുടെയും അടിസ്ഥാനത്തിലുള്ള സമുദായ ഏകോപനത്തിന് തടസ്സം സൃഷ്ടിക്കുകയാണുണ്ടായത്. ഇമാം അബൂഹനീഫയോ ഇമാം ശാഫിഈയോ അല്ലാഹുവല്ലാത്ത ആരോടും പ്രാർഥിച്ചിട്ടില്ല. പ്രാർഥിക്കാമെന്ന് വാദിച്ചിട്ടുമില്ല. എന്നിട്ടും ആ ഇമാമുകളുടെ അനുചരന്മാരെന്ന് അവകാശപ്പെടുന്ന പണ്ഡിതന്മാർ അല്ലാഹുവിന്റെ പള്ളികളിൽപോലും സൃഷ്ടികളോട് പ്രാർഥിക്കുന്ന ആചാരങ്ങൾ ഏർപ്പെടുത്തുകയും അതിനെ ന്യായീകരിക്കുകയുമാണ് ചെയ്തത്. ഇപ്പോഴും അവരത് തുടരുകയാണ്. മാത്രമല്ല സാധാരണക്കാർക്ക് അല്ലാഹുവോട് നേരിട്ട് പ്രാർഥിക്കാൻ അർഹതയില്ലെന്ന് പോലും അവരിൽ ചിലർ വാദിക്കുന്നു. ഈ സാഹചര്യത്തിലാണ് തൗഹീദിന്റെ അടിസ്ഥാനത്തിൽമാത്രം ആരാധനാനുഷ്ഠാനങ്ങൾ നടത്തുന്ന പള്ളികൾ സ്ഥാപിക്കാൻ സലഫികൾ നിർബന്ധിതരായത്. ഇതൊക്കെ ഭിന്നിപ്പിക്കലായി പലരും ചിത്രീകരിച്ചിട്ടുണ്ട്. എനിക്ക് അതിനോട് യോജിക്കാനാവില്ല.

എന്നാൽ തൗഹീദിന്റെ കാര്യത്തിൽ യോജിക്കുകയും ഖുർആനും നബിചര്യയും അടിസ്ഥാനപ്രമാണങ്ങളായി സ്വീകരിക്കുകയും ചെയ്യുന്ന മുസ്‌ലിംകൾ മറ്റെന്തിന്റെയെങ്കിലും പേരിൽ ഭിന്നിക്കുകയും വേറെ വേറെ ജുമുഅഃകളും ഈദ്ഗാഹുകളും നടത്തുകയും ചെയ്യുന്നത് ഇസ്‌ലാമികമായി സാധുതയില്ലാത്ത കക്ഷിമാത്സര്യം തന്നെയാണ്. മുവഹ്ഹിദുകളായ സഹോദരങ്ങളും സുഹൃത്തുക്കളും ഈ കക്ഷിത്വത്തിന്റെ പേരിൽ ഭിന്നിച്ചകലുന്നത് ഏറെ സങ്കടകരമാണ്. സലഫി സംഘടനകൾക്കു മാത്രമല്ല എല്ലാ മുസ്‌ലിം സംഘടനകൾക്കും ആശയപരമായി വിയോജിപ്പുണ്ടെങ്കിൽ പോലും സമാധാനപരമായി സഹവർത്തിക്കാൻ സാധിക്കേണ്ടതുണ്ട്. തങ്ങൾ മസ്ജിദുൽ ഹറാമിലും മസ്ജിദുന്നബവിയിലും തോളോടുതോൾ ചേർന്നു നമസ്കരിക്കാറുള്ളവരാണെന്ന വസ്തുതയെങ്കിലും വഴക്കടിക്കുന്ന മുസ്‌ലിം ഗ്രൂപ്പുകൾ ഓർക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഇസ്‌ലാമിന്റെ പ്രതിഛായ മോശമാക്കുന്നതിന് അവരെല്ലാം ഉത്തരവാദികളായിരിക്കും. മുസ്‌ലിം സംഘടനകളുടെ മൊത്തം വിശ്വാസ്യതയെ അത് ബാധിക്കുകയും ചെയ്യും.

**>> മുസ്‌ലിം സമൂഹത്തിലെ ഭിന്ന വീക്ഷണക്കാർ തമ്മിൽ ആശയസംവാദത്തിൽ പുലർത്തേണ്ട ഇസ്‌ലാമിക മര്യാദകൾ എന്തൊക്കെയാണ്? അത് പാലിക്കുന്നതിൽ സംഘടനകൾ വിജയിച്ചിട്ടുണ്ടോ?**

നമ്മുടെ അഭിപ്രായം വ്യക്തവും വ്യതിരിക്തവുമാണെന്ന് നമുക്ക് തോന്നുന്നതുപോലെ മറ്റുള്ളവർക്കും തോന്നണമെന്ന് ശഠിക്കുന്നത് ശരിയല്ല. എല്ലാവരും സമാന മനസ്കരല്ല. താന്താങ്ങൾക്ക് ശരിയാണെന്ന് ബോധ്യപ്പെടുന്ന അഭിപ്രായമേ ആർക്കും സ്വീകരിക്കാൻ കഴിയൂ. അതിനാൽ വീക്ഷണ കോണുകൾ വ്യത്യസ്തമാകാനുള്ള സാധ്യത കണക്കിലെടുത്തുകൊണ്ടായിരിക്കണം സംവാദങ്ങളിൽ ഏർപ്പെടുന്നത്. ആത്മാർഥമായി സത്യാന്വേഷണം നടത്തുന്നവർപോലും ചിലപ്പോൾ തെറ്റായ നിഗമനങ്ങളിൽ എത്തിച്ചേരാൻ സാധ്യതയുണ്ട്. എന്നാലും സത്യം കണ്ടെത്താൻ ശ്രമിച്ചതിന്റെ പേരിൽ അവർക്ക് പ്രതിഫലമുണ്ടെന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. ഈ ഹദീസിന്റെ പ്രാമാണികതയെ മുസ്‌ലിം സംഘടനകളൊന്നും ചോദ്യം ചെയ്യാറില്ല. സത്യം മനസ്സിലാക്കാൻ ശ്രമിച്ചിട്ടും തെറ്റ് പറ്റിയവർക്ക് അല്ലാഹുവിങ്കൽനിന്ന് പ്രതിഫലം ലഭിക്കുമെന്ന് നബി(സ) അറിയിച്ചിട്ടും അത് അവഗണിച്ചുകൊണ്ട്, നമുക്ക് ശരിയാണെന്ന് തോന്നാത്ത അഭിപ്രായം പറഞ്ഞവരെ പഴിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത് ഗുരുതരമായ അപരാധമായിരിക്കും എന്ന യാഥാർഥ്യം പല സംഘടനകളുടെയും വക്താക്കൾ വിസ്മരിക്കാറുണ്ട്. സ്വന്തം നിഗമനങ്ങൾ തെറ്റാകാൻ സാധ്യതയുണ്ടെന്ന വസ്തുതയും ഇവർ മിക്കപ്പോഴും മറന്നുപോകുന്നു. ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി അസഹിഷ്ണുത ഒഴിവാക്കുകയും പ്രതിപക്ഷമര്യാദ പാലിക്കുകയുമാണ് ഇസ്‌ലാമിക രംഗത്ത് പ്രവർത്തിക്കുന്നവർക്കെല്ലാം അഭികാമ്യമായിട്ടുള്ളത്.

**>> കേരളീയ മുസ്‌ലിം സമൂഹത്തിന്റെ പരിഷ്കരണത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ച മുജാഹിദ് പ്രസ്ഥാനം പിളർന്നിട്ട് അഞ്ചര വർഷമായി. ഇപ്പോൾ ഭിന്നതയെ എങ്ങനെ വിലയിരുത്തുന്നു?**

അനിസ്‌ലാമിക പ്രവണതകളിൽനിന്ന് മുസ്‌ലിം സമൂഹത്തെ മോചിപ്പിക്കാനും പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിക പ്രബോധനം നിർവഹിക്കാനും പ്രതിജ്ഞാബദ്ധമായ ഇസ്‌ലാഹീ പ്രസ്ഥാനത്തിന് ഇങ്ങനെയൊരു പരിണതി വരരുതായിരുന്നുവെന്ന് തന്നെയാണ് ഞാൻ കരുതുന്നത്. എന്നാൽ സംഭവിച്ചതിന്റെ കാരണങ്ങളെ സംബന്ധിച്ച് ഏറെ ചർച്ച ചെയ്തിട്ട് ഇനി പ്രയോജനമില്ല. ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തുമ്പോൾ ആശങ്കിച്ചത്ര ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടായില്ല എന്ന ആശ്വാസമാണുള്ളത്. ചില അനിഷ്ട സംഭവങ്ങൾ ഉണ്ടായെങ്കിലും ഇസ്‌ലാഹീ പ്രബോധനം അഭംഗുരം ഇപ്പോഴും നടക്കുന്നുണ്ട്. കേരളത്തിലുടനീളമുള്ള നൂറുകണക്കിൽ സലഫീ മസ്ജിദുകളിൽ തൗഹീദിൽ അധിഷ്ഠിതമായ ദീനീപ്രവർത്തനങ്ങൾ - വിശിഷ്യാ ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള ഖുത്വ്ബകൾ- നടക്കുന്നുണ്ട്. പള്ളികളുടെയും അവയിൽ നമസ്കരിക്കാൻ എത്തുന്നവരുടെയും സംഖ്യ ക്രമാനുഗതമായി വർധിക്കുക തന്നെയാണ്. അധിക പള്ളികളിലും ഇരുവിഭാഗത്തിൽ പെട്ടവരും ഒന്നിച്ച് ജുമുഅഃ ജമാഅതുകളിൽ പങ്കെടുക്കുന്നുണ്ട്. ഭിന്നതകൊണ്ട് അഭ്യസ്തവിദ്യരിൽ ചിലർക്ക് ഇസ്‌ലാഹീ പ്രസ്ഥാനത്തെ സംബന്ധിച്ച് മതിപ്പ് കുറഞ്ഞിട്ടുണ്ടാകാമെങ്കിലും ശ്രദ്ധേയരായ ആരും മറ്റു സംഘടനകളിലേക്ക് ഒഴുകിപ്പോവുകയോ പ്രബോധന സംരംഭങ്ങൾക്ക് കമ്മി വരുകയോ ചെയ്തിട്ടില്ല. എന്നാലും ഗ്രൂപ്പ് മാത്സര്യങ്ങൾ പരമാവധി ഒഴിവാക്കുകയോ ലഘൂകരിക്കുകയോ ചെയ്യേണ്ടത് ദീനീ പ്രവർത്തനങ്ങളുടെ ചൈതന്യം ചോർന്നുപോകാതിരിക്കാൻ അനിവാര്യമാണെന്ന് ഞാൻ കരുതുന്നു.

**>> അമുസ്‌ലിം സമൂഹത്തിലുള്ള ഇസ്‌ലാമിക പ്രബോധനത്തെയും മുസ്‌ലിം സമൂഹത്തിന്റെ സംസ്കരണത്തെയും മുജാഹിദ് പിളർപ്പ് എത്രത്തോളം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്?**

അമുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാമിക പ്രബോധനം നടത്താൻ ഇരുവിഭാഗം മുജാഹിദുകൾക്കും പ്രത്യേക സംവിധാനമുണ്ട്. അത് എത്രത്തോളം ഫലദായകമാകുന്നുവെന്ന് ഞാൻ

വിലയിരുത്തിയിട്ടില്ല. ഇസ്‌ലാമിനെപ്പറ്റി അറിയാനുള്ള ആളുകളുടെ ജിജ്ഞാസയുണർത്താൻ ഇരുവിഭാഗത്തിന്റെയും പ്രബോധന സംരംഭങ്ങൾ ഒട്ടൊക്കെ ഉപകരിക്കുന്നുണ്ടെങ്കിലും പിളർപ്പ് സൃഷ്ടിച്ച മതിപ്പുകുറവ് ഈ രംഗത്തെയും ബാധിച്ചിട്ടുണ്ടാകും.

**>> മുജാഹിദ് പ്രസ്ഥാനത്തിലെ ഭിന്നതക്ക് ആശയപരമായ തലങ്ങൾ എത്രത്തോളമുണ്ട്, അതെന്തൊക്കെയാണ്?**

ചില ആയതുകൾക്കോ ഹദീസുകൾക്കോ പൂർവികർ നൽകിയിട്ടുള്ള വ്യാഖ്യാനങ്ങളിൽ ഏതിന് മുൻഗണന നൽകണം? ഹദീസുകളുടെ ബലാബലങ്ങളെ സംബന്ധിച്ച വ്യത്യസ്ത വീക്ഷണങ്ങളിൽ ഏതിന് പ്രാമുഖ്യം കൽപിക്കണം? നബി(സ)ക്ക് സിഹ്ർ ബാധിച്ചുവെന്ന് പറയുന്ന ബുഖാരിയുടെയും മറ്റും റിപ്പോർട്ട് ഖുർആന് വിരുദ്ധമാണോ അല്ലേ എന്നിങ്ങനെ ചില വിഷയങ്ങളിൽ വ്യത്യസ്തമായ കാഴ്ചപ്പാടുകളുള്ളവർ മുജാഹിദുകൾക്കിടയിൽ മുമ്പേ ഉണ്ടായിരുന്നു. ഇത്തരം ചില കാര്യങ്ങളെപ്പറ്റി ജംഇയ്യതുൽ ഉലമ ചർച്ച ചെയ്തിരുന്നു. ആ ഭിന്നത ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും അതാണ് പിളർപ്പിന് നിമിത്തമായതെന്ന് പറയാവുന്നതല്ല. പിളർപ്പിലേക്ക് നയിച്ച അകൽച്ചക്കുള്ള പല കാരണങ്ങളിൽ അത്തരം ആശയഭിന്നതകളും ഉൾപ്പെട്ടിരുന്നുവെന്ന് മാത്രം. അതുപോലെ, മരം വെച്ചു പിടിപ്പിക്കൽ ഒരു തൗഹീദീ പ്രസ്ഥാനത്തിന്റെ അജണ്ടയാകേണ്ടതുണ്ടോ, ജീവകാരുണ്യ പ്രവർത്തനങ്ങളെ ആദർശ പ്രചാരണത്തിനുള്ള ഉപാധിയാക്കാൻ പാടുണ്ടോ എന്നിങ്ങനെയുള്ള ചില വിഷയങ്ങളിലും പിന്നീട് വീക്ഷണ വ്യത്യാസം ഉയർന്നു വരികയുണ്ടായി.

**>> സാമ്പത്തിക വിഷയങ്ങളും വ്യക്തികേന്ദ്രീകൃതമായ നേതൃത്വ പ്രശ്നങ്ങളുമാണ് പിളർപ്പിന്റെ കാരണങ്ങൾ എന്ന് വിലയിരുത്തപ്പെടുന്നതിനെക്കുറിച്ച് എന്താണഭിപ്രായം?**

പിളർപ്പിന് ആക്കം കൂട്ടിയ ഘടകങ്ങൾ, നേതൃനിരയിലെ ചില വ്യക്തികൾ തമ്മിൽ നിസ്സാര കാര്യങ്ങളുടെ പേരിലുണ്ടായ അനിഷ്ടങ്ങളും, സംഘടനയിലെ സ്ഥാനമാനങ്ങൾ, സംസ്ഥാന സമിതിയിലെ പ്രാതിനിധ്യം തുടങ്ങിയ ചില വിഷയങ്ങൾ സംബന്ധിച്ച തർക്കങ്ങളുമാണ്. ജനറേഷൻ ഗ്യാപ്പും ഇതിൽ ചെറിയ പങ്ക് വഹിച്ചിട്ടുണ്ട്. സംഘടനാ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ചില്ലറ അഭിപ്രായ വ്യത്യാസങ്ങൾ പ്രകടിപ്പിക്കപ്പെട്ട സന്ദർഭങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഇസ്‌ലാഹീ പണ്ഡിതന്മാരാരെങ്കിലും പൊതുഫണ്ട് കൈയടക്കിയതായി ഒരിക്കലും ആക്ഷേപമുയർന്നിട്ടില്ല. ഫണ്ട് അനുവദിക്കുന്നതിൽ ഏത് പള്ളിക്ക് അല്ലെങ്കിൽ ഏത് മദ്റസക്ക് മുൻഗണന നൽകണം എന്നതുപോലുള്ള വിഷയങ്ങളിൽ മാത്രമാണ് അഭിപ്രായ വ്യത്യാസമുണ്ടായിരുന്നത്. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും വിശാലമായ താൽപര്യങ്ങൾ കണക്കിലെടുത്ത് ബന്ധപ്പെട്ട കക്ഷികൾ അൽപം വിട്ടുവീഴ്ച കാണിച്ചിരുന്നെങ്കിൽ ഇത്തരം തർക്കവിഷയങ്ങളിലൊക്കെ സമവായമുണ്ടാക്കാൻ കഴിയുമായിരുന്നുവെന്നാണ് ഞാൻ വിചാരിക്കുന്നത്.

**>> മുജാഹിദ് സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിലും പ്രസംഗങ്ങളിലും പരസ്പരം വിമർശിക്കാൻ ഉപയോഗിക്കുന്ന ഭാഷയും ശൈലിയും അമാന്യമായാണല്ലോ അനുഭവപ്പെടുന്നത്?**

പിളർപ്പിന്റെ തൊട്ടുമുമ്പും അതിനുശേഷവും പരസ്പര വിമർശം രൂക്ഷമായിട്ടുണ്ട് എന്നത് സത്യമാണ്. മുജാഹിദുകൾ തമ്മിലുണ്ടായിരിക്കേണ്ട ഗാഢമായ സാഹോദര്യത്തിന് നിരക്കാത്തതത്രെ മാന്യതയില്ലാത്ത വിമർശനം.

**>> ഒരു വിഭാഗം മറുവിഭാഗത്തെ 'സുറൂറി'കൾ എന്ന് ആക്ഷേപസ്വരത്തിൽ വിളിക്കാറുണ്ട്. എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്? അതിന്റെ യാഥാർഥ്യം എന്താണ്?**

സുഊദി അറേബ്യയിലെ സലഫികളുടെ കൂട്ടത്തിൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ചില ആശയങ്ങളോട് നേരിയ അനുഭാവം പുലർത്തുന്നവരാണ് 'സുറൂറി'കൾ എന്ന് പറയപ്പെടുന്നത്. മുഹമ്മദ് സുറൂർ എന്ന ഒരു പണ്ഡിതനോട് ചായ്‌വുള്ളവർ എന്ന നിലയിലാണത്രെ 'സുറൂറി' എന്ന പദപ്രയോഗം. ഈ വിഭാഗത്തിൽപെട്ട ഏതെങ്കിലും പണ്ഡിതൻ എഴുതിയ ഒരു ഗ്രന്ഥവും ഞാൻ കണ്ടിട്ടില്ല. എന്നാൽ കേരളത്തിലെ മുജാഹിദുകളുടെ ചില നിലപാടുകളോട് 'സുറൂറികൾ' എന്ന് പറയപ്പെടുന്നവർ ഉൾപ്പെടെ അറബ് നാടുകളിലെ സലഫികളാരും യോജിക്കുകയില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇവിടെ മദ്റസകളിലും സ്കൂളുകളിലും കൊളേജുകളിലും ആൺകുട്ടികളും പെൺകുട്ടികളും ഒരേ ക്ലാസിൽ പഠിക്കുന്നു. ഇത് നിഷിദ്ധമാണെന്ന് ഇവിടത്തെ രണ്ടുവിഭാഗം മുജാഹിദുകളും വാദിക്കുന്നില്ല. എന്നാൽ അറബ് നാടുകളിലെ എല്ലാ സലഫികളും മിശ്ര വിദ്യാഭ്യാസത്തെ എതിർക്കുന്നവരാണ്. പ്രൈമറി ഘട്ടത്തിന് ശേഷം ആൺകുട്ടികളെയും പെൺകുട്ടികളെയും വേറെ വേറെ സ്ഥാപനങ്ങളിൽതന്നെ പഠിപ്പിക്കണമെന്നാണ് അവരുടെ നിലപാട്. അറേബ്യൻ സലഫികളിൽ ബഹുഭൂരിഭാഗവും സ്ത്രീകൾ മുഖം മറയ്ക്കൽ നിർബന്ധമാണെന്ന അഭിപ്രായക്കാരാണ്. ഇവിടെ ഇരുവിഭാഗം സലഫികൾക്കും ഈ അഭിപ്രായമില്ല. ഖുർആനും സുന്നത്തും പ്രമാണമാക്കുന്നവർക്കിടയിൽ ചില വിഷയങ്ങളിൽ വീക്ഷണവ്യത്യാസം ഉണ്ടാകാമെന്നും അതിന്റെ പേരിൽ വിരോധവും അസഹിഷ്ണുതയും പുലർത്തുന്നത് ഒട്ടും ന്യായമല്ലെന്നുമാണ് ഇതിൽ നിന്നൊക്കെ ഗ്രഹിക്കാവുന്നത്.

**>> സംഘടനയുടെ പേര്, സ്ഥാപനങ്ങൾ തുടങ്ങിയവയെച്ചൊല്ലി ഇരുവിഭാഗങ്ങൾക്കിടയിൽ സംഘർഷങ്ങൾ നടക്കുന്നു, കോടതികളിൽ കേസുകൾ ഫയൽ ചെയ്യപ്പെടുന്നു, പള്ളികളിൽ പോലും സംഘർഷങ്ങൾ ഉണ്ടാകുന്നു, ഒരേസ്ഥലത്ത് രണ്ട് വിഭാഗവും വെവ്വേറെ ഈദ്ഗാഹ് നടത്തുന്നു, പ്രബോധന സംസ്കരണ പ്രവർത്തനങ്ങളിൽ വ്യയം ചെയ്യപ്പെടേണ്ട സമ്പത്തും സമയവും ഇതിന്റെ പേരിൽ പാഴാക്കപ്പെടുന്നു. ഇതെല്ലാം ഏത് മാനദണ്ഡമനുസരിച്ചാണ് ന്യായീകരിക്കാനാവുക?**

ഗ്രൂപ്പിസത്തിന്റെ പേരിൽ നടക്കുന്ന കേസുകളോ വഴക്കുകളോ ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ന്യായീകരിക്കപ്പെടാവുന്നവയല്ല. രണ്ടു മുസ്‌ലിം വിഭാഗങ്ങൾ തമ്മിൽ യുദ്ധമുണ്ടായാൽ അതിൽ ഇടപെടുന്നവർ എന്തൊക്കെ ചെയ്യണമെന്ന് പഠിപ്പിക്കുന്ന ഖുർആൻ 49:9 സൂക്തത്തിന്റെ അടിസ്ഥാനത്തിൽ കേസുകളെയും സംഘട്ടനങ്ങളെയും ചിലർ ന്യായീകരിക്കാറുണ്ട്. എനിക്ക് ആ ന്യായീകരണത്തിന്റെ സാധുത ബോധ്യപ്പെട്ടിട്ടില്ല.

**>> മുജാഹിദ് സംഘടനകൾ ഐക്യപ്പെടുകയെന്നത് അസാധ്യമാണോ? ഐക്യത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടോ?**

അനാവശ്യമായ വാശി ഉപേക്ഷിച്ചാൽ മുജാഹിദ് സംഘടനകൾക്ക് ഐക്യപ്പെടാൻ മറ്റു തടസ്സമൊന്നുമില്ല. ഐക്യത്തിനുവേണ്ടി ഇടക്കാലത്ത് നടന്ന ശ്രമങ്ങളൊക്കെ പരാജയപ്പെ

ടുകയാണുണ്ടായത്. ഇപ്പോൾ കാര്യമായ ശ്രമങ്ങളൊന്നും നടക്കുന്നതായി അറിയില്ല.

**>> മുസ്‌ലിം സമൂഹത്തോട് പൊതുവെയും മുജാഹിദ് സംഘടനകളോട് പ്രത്യേകമായും ഐക്യത്തിന്റെ വിഷയത്തിൽ താങ്കൾക്ക് പറയാനുള്ളത് എന്താണ്?**

മക്കയിൽ റാബിത്വതുൽ ആലമിൽ ഇസ്‌ലാമീ (മുസ്‌ലിം വേൾഡ് ലീഗ്) എന്നൊരു സംഘടനയുണ്ടല്ലോ. കേരളത്തിലെ മിക്ക മുസ്‌ലിം സംഘടനകൾക്കും റാബിത്വയുമായി ബന്ധമുണ്ട്. 'റാബിത്വഃ' എന്ന അറബി പദത്തിന്റെ അർഥം ബന്ധിപ്പിക്കുന്നത് എന്നാണ്. റാബിത്വഃ പല മദ്ഹബുകാരെയും പല ഗ്രൂപ്പുകാരെയും പരസ്പരം ബന്ധിപ്പിക്കുന്നു. വീക്ഷണവ്യത്യാസങ്ങളുള്ള പണ്ഡിതന്മാരും ചിന്തകന്മാരും റാബിത്വഃയുടെ വിവിധ വേദികളിലും സമിതികളിലും സൗഹൃദത്തോടെ ചർച്ചകൾ നടത്തുകയും കർമ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. ഈ സമീപനം ബിദ്അത്താണെന്നോ എതിർക്കപ്പെടേണ്ടതാണെന്നോ മുസ്‌ലിം സംഘടനകളൊന്നും ഇതഃപര്യന്തം പ്രഖ്യാപിച്ചിട്ടില്ല. അവരവർ ശരിയാണെന്ന് കരുതുന്ന അഭിപ്രായങ്ങൾ അടിയറവെക്കാതെ തന്നെ ഇസ്‌ലാമിക ബന്ധങ്ങൾ വിപുലപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്താവുന്നതാണ്. ഏത് സംഘടനക്കും അതുകൊണ്ട് ഗുണമേ ഉണ്ടാകൂ. അല്ലാഹുവിലേക്ക് വിളിക്കാനാണല്ലോ നാം കൽപിക്കപ്പെട്ടിട്ടുള്ളത്. ഏതെങ്കിലുമൊരു സംഘടനയുടെ കടുകട്ടിയായ സങ്കുചിതത്വത്തിലേക്കുള്ള വിളി എന്നല്ല അതിന്റെ അർഥമെന്ന് മനസ്സിലാക്കാൻ സാമാന്യബുദ്ധി തന്നെ മതി. ആകാശ ഭൂമികളോളം വിശാലമായ സ്വർഗത്തിലേക്ക് ക്ഷണിക്കുന്നവർക്കെന്തിനാണ് ഇടുങ്ങിക്കുടുങ്ങിയ മനസ്സ്!

'അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പു കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു'(*ഖുർആൻ* 59:10). ■